സ.ഉ.(കൈ) നം.38/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ 36(8), 36(11) എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ) നം.38/2023/LSGD തീയതി,തിരുവനന്തപുരം, 04-02-2023

പരാമർശം:-

1. 13/07/2021 ലെ സ.ഉ.(കൈ). നം.137/2021/തസ്വഭവ
2. 19/01/2022 തീയതിയിലെ സ.ഉ.(കൈ.) നം. 7/2022/തസ്വഭവ
3. തൊടുപുഴ നഗരസഭ കൗൺസിലിന്റെ 11/07/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
4. തൊടുപുഴ നഗരസഭ സെക്രട്ടറിയുടെ 29/07/2022 തീയതിയിലെ പിഡബ്ല്യൂ 2/12989/19 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 13/01/2023 തീയതിയിലെ ടിസിപിസിടിപി/614/2021-എഫ്2 നമ്പർ കത്ത്.

ഉത്തരവ്

തൊടുപുഴ മാസ്റ്റർപ്ലാനിന് പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതും ആയത് 13/09/2021 തീയതിയിലെ 2673 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനമായി നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേലുള്ള പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനുള്ള സമയപരിധി പരാമർശം (2) പ്രകാരം 19/03/2022 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. പ്രസിദ്ധീകൃത കരട് മാസ്റ്റർപ്പാനിന്മേൽ ലഭിച്ച ആക്ഷേപനിർദ്ദേശങ്ങൾ സ്പെഷ്യൽ കമ്മിറ്റിയുടെ ശുപാർശകൾ 04.07.2022, 11.07.22. എന്നീ കൗൺസിൽ യോഗങ്ങളിൽ നഗരസഭ ചർച്ച ചെയ്തിട്ടുള്ളതും, പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ പരിഷ്കാരങ്ങൾ വരുത്തുകയും വെള്ളപൊക്കം നിയന്ത്രിക്കുന്നതിനായി mitigation measure ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം പരിഷ്കരിക്കുകയും പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ അന്തിമ അംഗീകാരത്തിനായി സർക്കാർ അംഗീകാരത്തിനായി പരാമർശം (4) പ്രകാരം നഗരസഭ സെക്രട്ടറി ലഭ്യമാക്കുകയും

ചെയ്തിരുന്നു.

(2) സർക്കാരിന്, അന്തിമ അനുമതിയ്ക്കായി സമർപ്പിക്കപ്പെട്ട പ്ലാനിൽ ലഭിച്ചിട്ടുള്ള ആക്ഷേപ/നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, ശിപാർശകൾ എന്നിവ പരിശോധിച്ച ശേഷവും പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ, കഴിവതും 60 ദിവസത്തിനുള്ളിൽ, മാസ്റ്റർപ്ലാനിന് അനുമതി നൽകാവുന്നതാണെന്ന് ആക്ടിന്റെ വകുപ്പ് 36(8) ൽ നിഷ്കർഷിച്ചിരിക്കുന്നു. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(11) പ്രകാരം ആക്ടിന്റെ വകുപ്പ് 36(3) മുതൽ 36(8) വരെ ഉപവകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന സമയപരിധി 6 മാസത്തിൽ കവിയാത്ത കാലയളവ് വരെ, മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്.

(3) മേൽ സാഹചര്യങ്ങൾ പരിഗണിച്ചും, പരിഷ്ക്കരിച്ച മാസ്റ്റർ പ്ലാൻ നഗരസഭ അംഗീകരിച്ച വിഷയം പരിഗണിച്ചും, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ 36(8), 36(11) എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും മാസ്റ്റർ പ്ലാനിനു അന്തിമ അനുമതി നൽകുന്നതിനു പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ തൊടുപുഴ മാസ്റ്റർ പ്ലാനിന് 2016-ലെ കേരള-നഗരഗ്രാമാസൂത്രണ ആക്ടിന്റെ 36(8), 36(11) എന്നീ വകുപ്പുകൾ പ്രകാരവും, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, ഇടുക്കി (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, തൊടുപുഴ നഗരസഭ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

38/2023/LSGD

Signed by
Anilkumar C
Date: 06-02-2023 10:46:04
സെക്ഷൻ ഓഫീസർ

til the fru
rms of de
rt of this
as to be
and ever
ls this di

Since th
up and
locatio
gional
re wit
s like
cture,
d eff
partr
lems
lopm
nder
er p
etc.

ing
ar
l t
th
a
it